(ബി) നിക്ഷേപം ബാങ്കുകൾമൂലമായതിനാൽ നേരിട്ട് സംസ്ഥാനത്തിന് വിഹിതം പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

(സി) ഇല്ല.

(ഡി) സംസ്ഥാന പദ്ധതി ചർച്ചകളുടെ ഭാഗമായി ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ വ്യക്തമായ നടപടികൾ ഉണ്ടായിട്ടില്ല.

(ഇ) പ്രവാസി മലയാളികളിലൂടെ ലഭിക്കുന്ന തുക സംസ്ഥാനത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ ഉപയോഗിക്കുന്നതിന് പല പദ്ധതികളും സർക്കാരിന്റെ പരിഗണനയിലുണ്ട്.

14 (1374) കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള ചെലവ്

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടറുകളും അതുമായി ബന്ധപ്പെട്ട മറ്റ് സാധനങ്ങളും വാങ്ങാനായി 1998-1999 വർഷത്തിൽ എത്ര തുക ചെലവായി;

(ബി) കമ്പ്യൂട്ടർവൽക്കരണംകൊണ്ട് ജോലിയുടെ കാര്യക്ഷമതയിൽ വ്യത്യാസം വരുന്നത് പഠനവിധേയമായിട്ടുണ്ടോ;

(സി) സർക്കാർ ഓഫീസുകളിലെ കമ്പ്യൂട്ടറുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇൻഫർമേഷൻ ടെക്നോളജിയുടെ വികസനം ഉപയോഗപ്പെടുത്തി സർക്കാരിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നകാര്യം പരിശോധിച്ച് ശുപാർശകൾ നൽകുന്നതിന് ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായി ഒരു കർമ്മ സമിതിയെ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പ്രകാരം, കൂടുതൽ മെച്ചപ്പെട്ട സേവനം ജനങ്ങളിലേക്ക് എത്തിക്കുവാൻ കഴിയുമെന്നും, ഭരണം കൂടുതൽ സുതാര്യമാക്കാമെന്നും, അഴിമതി രഹിതമായ ഭരണം പ്രദാനം ചെയ്യാൻ കഴിയുമെന്നും കരുതുന്നു. അപ്രകാരം കാര്യക്ഷമതയിൽ വർദ്ധനവ് ഉണ്ടാകുമെന്നാണ് സർക്കാർ കണക്കാക്കുന്നത്.

(സി) സർക്കാർ വകുപ്പുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നത് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച ശേഷം, കമ്പ്യൂട്ടർവൽക്കരണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി, വകുപ്പു സെക്രട്ടറി അദ്ധ്യക്ഷനായുള്ള വകുപ്പുതല കർമ്മസമിതികൾ രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കർമ്മസമിതികളോട് ദീർഘകർമ്മരേഖ ആവിഷ്കരിക്കുവാനും കമ്പ്യൂട്ടർവൽക്കരിക്കാവുന്ന മേഖലകൾ കണ്ടെത്തുവാനും, വകുപ്പിന്റെ പ്രവർത്തനത്തിന് ഉപയുക്തമായരീതിയിൽ ആവശ്യമായ ഡാറ്റാബേസ് നിർണ്ണയിക്കുവാനും മറ്റും ആവശ്യപ്പെട്ടിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായുള്ള സോഫ്റ്റ്വെയർ വികസനത്തിനും, ഹാർഡ്വെയർ വാങ്ങുന്നതിനും ജീവനക്കാരുടെ പരിശീലനത്തിനും മറ്റും

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ സാങ്കേതികസഹായം നൽകുന്നതിനായി ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ കീഴിൽ ഒരു മിഷൻഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർ സ്വായത്തമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പരിശോധിച്ച് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

15 (1375) അശ്ലീല പ്രസിദ്ധീകരണങ്ങളുടെയും കാസറ്റുകളുടെയും നിർമ്മാണം തടയാൻ നടപടി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അശ്ലീല പ്രസിദ്ധീകരണങ്ങളുടേയും കാസറ്റുകളുടേയും നിർമ്മാണവും വിതരണവും തടയാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ)&(ബി) അശ്ലീല പ്രസിദ്ധീകരണങ്ങളുടെ അച്ചടിയും, വിൽപ്പനയും തടയുന്നതിനുവേണ്ടി രഹസ്യവിവരം ശേഖരിച്ച് ഇത്തരം പ്രസിദ്ധീകരണങ്ങൾ വിൽക്കുന്ന പുസ്തകശാലകളിലും, ഇവ അച്ചടിക്കുന്ന പ്രസ്സുകളിലും റെയിഡുകൾ നടത്തി ഇപ്രകാരം പ്രവർത്തിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അശ്ലീല ചിത്രീകരണങ്ങളുടെ വീഡിയോ കാസറ്റുകളുടെ പ്രദർശനവും വിൽപ്പനയും തടയുന്നതിനും തുടരെത്തുടരെയുള്ള റെയിഡുകൾ നടത്തി നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

16 (1376) സദാചാര രഹിത പരിപാടികൾ സംപ്രേഷണം ചെയ്യുന്നതായി പരാതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാത്രികാലങ്ങളിൽ ചില സ്വകാര്യ ടി.വി. ചാനലുകൾ സദാചാര രഹിത പരിപാടികൾ സംപ്രേഷണം ചെയ്യുന്നതായും അതുവഴി സാംസ്കാരിക ജീർണ്ണതയുളവാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാർ മുതൽമുടക്കി സർക്കാരിന്റെ ഒരു സ്വതന്ത്ര ചാനൽ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതകളെപ്പറ്റി പഠനം നടത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതു സംബന്ധമായ നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly